നമ്പർ. സി.ബി(1)20805/07

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി, 27-02-2008

**സർക്കുലർ നമ്പർ. 10/2008**

വിഷയം : സഹകരണ വകുപ്പ് - സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ / ബാങ്കുകൾ സ്ഥിര നിക്ഷേപങ്ങൾക്ക് നൽകേണ്ട പരമാവധി പലിശ നിരക്ക് പുതുക്കി നിശ്ചയിച്ച് നിർദ്ദേശം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന : 1. ഈ ആഫീസിലെ 25-01-2008 ലെ 5/2008 - നമ്പർ സർക്കുലർ.
2. 21-02-2008 ൽ ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സെൻട്രൽ ബാങ്കുകളുടെ യോഗ - തീരുമാനം.

ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 21-02-2008 ന് സംസ്ഥാന സഹകരണ ബാങ്ക് കോൺഫറൻസ് ഹാളിൽ ചേർന്ന സെൻട്രൽ ബാങ്ക് കോൺഫറൻസിൽ സംസ്ഥാനത്തെ വിവിധ ബാങ്കുകളിലും സഹകരണ ബാങ്കുകളിലും സ്ഥിര നിക്ഷേപങ്ങൾക്ക് നിലവിലുള്ള പലിശ നിരക്കുകൾ അവലോകനം ചെയ്യുകയുണ്ടായി. സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ 01-03-2008 മുതൽ 31-03-2008 വരെ സംഘടിപ്പിക്കുന്ന 29 -മത് നിക്ഷേപ സമാഹരണ യജ്ഞത്തിന്റെ സാഹചര്യം കൂടി കണക്കിലെടുത്ത് സ്ഥിരനിക്ഷേപത്തിന് നിലവിലുള്ള പലിശനിരക്കുകളിൽ മാറ്റം വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. അതിൻ പ്രകാരം സംസ്ഥാനത്തെ വായ്പാ സഹകരണസംഘങ്ങൾ / ബാങ്കുകൾ സ്ഥിര നിക്ഷേപങ്ങൾക്ക് നൽകേണ്ട പരമാവധി പലിശ നിരക്കുകൾ ശതമാന കണക്കിൽ നിശ്ചയിച്ച് ചുവടെ ചേർക്കും വിധം ഉത്തരവാകുന്നു.

| ക്രമ നമ്പർ | നിക്ഷേപങ്ങളുടെ കാലാവധി | സംസ്ഥാന സഹകരണ ബാങ്ക് | | ജില്ലാ സഹകരണ ബാങ്കുകൾ | | പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ | |
|---|---|---|---|---|---|---|---|
| | | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് |
| 1 | 15 ദിവസം മുതൽ 45 ദിവസം വരെ | 5 | 5 | 5 | 5 | 5.25 | 5.25 |
| 2 | 46 ദിവസം മുതൽ 90 ദിവസം വരെ | 6 | 6 | 6 | 6 | 6.25 | 6.25 |
| 3 | 91 ദിവസം മുതൽ 179 ദിവസം വരെ | 6 | 7 | 6.25 | 7 | 6.50 | 7.25 |
| 4 | 180 ദിവസം മുതൽ 364 ദിവസം വരെ | 7.50 | 8 | 7.50 | 8 | 8 | 8.50 |
| 5 | 1 വർഷം മുതൽ 3 വർഷം വരെ | 8.50 | 9 | 8.50 | 9 | 9 | 9.50 |
| 6 | 3 വർഷം മുതൽ 5വർഷം വരെ | 9 | 9.25 | 9 | 9.25 | 9.25 | 9.75 |
| 7 | 5 വർഷവും അതിനുമുകളിലും | 9.25 | 9.50 | 9.25 | 9.50 | 9.50 | 10 |

ഇതിനു പുറമേ മുതിർന്ന പൗരൻമാരുടെ സ്ഥിര നിക്ഷേപങ്ങൾക്ക് അര ശതമാനം മുതൽ ഒരു ശതമാനം വരെ അധികം പലിശ നിരക്ക് നൽകാവുന്നതാണ്. മേൽ പലിശ നിരക്ക് നിർദ്ദേശങ്ങൾക്ക് 01-03-2008 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

(ഒപ്പ്.)
റാണി ജോർജ് ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ് :

1. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
2. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്.
3. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും
4. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ / ആഡിറ്റ്) മാർക്കും
5. എല്ലാ ജോയിന്റ് രജിസ്ട്രാർ / കൺകറന്റ് ആഡിറ്റർ മാർക്കും (ജില്ലാ സഹകരണബാങ്ക് / സംസ്ഥാന സഹകരണബാങ്ക്)
6. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ / (ജനറൽ / ആഡിറ്റ്) മാർക്കും ജോയിന്റ് രജിസ്ട്രാർ മുഖേന
7. എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ / ബാങ്കുകൾ / മറ്റ് കാർഷികേതര വായ്പാ സംഘങ്ങൾ / ബാങ്കുകൾക്കും (ജോയിന്റ് രജിസ്ട്രാർ മുഖേന)
8. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം
9. എഡിറ്റർ, സഹകരണ വീഥി / സഹകരണ ജേർണൽ
10. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
11. സ്റ്റോക്ക് ഫയൽ

ആജ്ഞാനുസരണം

സഹകരണസംഘം രജിസ്ട്രാർക്ക് വേണ്ടി